"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തത് - തിരുവനന്തപുരം സബ് കോടതിയിൽ 09/11/2024-ൽ നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പാക്കിയ എൽ.എ.ആർ. 40/2007 നമ്പർ കേസിന്മേലുള്ള തുക അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1042/2025/LSGD തീയതി, തിരുവനന്തപുരം, 25-04-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.40/2007 നമ്പർ കേസിന്മേലുള്ള 11/04/2008 തീയതിയിലെ വിധിന്യായം.
2. സ.ഉ. (അച്ചടി) നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 27/11/2024-ലെ എ3/1457/2017/ട്രിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29/03/2025 തീയതിയിലെ DCTVM/10514/2024-K9 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 40/2007 നമ്പർ കേസ്, ബഹു. തിരുവനന്തപുരം സബ് കോടതിയിൽ 09/11/2024-ലെ അദാലത്തിൽ 'ആറുമാസത്തിനകം തുക കോടതിയിൽ കെട്ടി വെച്ചാൽ പലിശയില്ല എന്ന വ്യവസ്ഥയിൽ' 19,23,650/- രൂപയ്ക്ക് ഒത്തുതീർപ്പാക്കിയതായും പ്രസ്തുത തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (3), (4) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം.1280/1-ൽ ഉൾപ്പെട്ട 0.29 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 40/2007 നമ്പർ കേസിൽ, ബഹു. തിരുവനന്തപുരം സബ് കോടതിയിൽ വച്ച് 09/11/2024-ലെ അദാലത്തിൽ 'ആറുമാസത്തിനകം തുക കോടതിയിൽ കെട്ടി വെച്ചാൽ പലിശയില്ല എന്ന വ്യവസ്ഥയോടെ' ഒത്തുതീർപ്പാക്കിയ

തുകയായ 19,23,650/- രൂപ (പത്തൊമ്പത് ലക്ഷത്തി ഇരുപത്തിമൂവായിരത്തി അറുന്നൂറ്റി അമ്പത് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. ബാബു രാഘവൻ, ശ്രീമതി സുജാത ബാബു എന്നിവർക്ക് '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്നും നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. ബാബു രാഘവൻ, 'Ashian' തിരുമുല്ലവാരം, കൊല്ലം -12 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി സുജാത ബാബു, 'Ashian' തിരുമുല്ലവാരം, കൊല്ലം -12 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/365/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 26-04-2025 16:34:18
സെക്ഷൻ ഓഫീസർ